ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ സ്കിൽഡ് ഡവലപ്മെന്റ് പ്രോജക്ടുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമൊന്നും നിലവിലില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീലങ്കൻ അഭയാർത്ഥികളുടെ തൊഴിൽ ലഭ്യത

24 [508] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്കയിൽനിന്ന് എത്ര അഭയാർത്ഥി കുടുംബങ്ങളെ ആർ. പി. എൽ.-ൽ പുനരധിവസിപ്പിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ഫാമിലി കാർഡ് നൽകിയിട്ടുണ്ട്;

(സി) ഫാമിലി കാർഡ് നൽകിയത് ഏത് വകുപ്പാണ്;

(ഡി) പുനരധിവാസത്തിനുശേഷം ജനിച്ച കുട്ടികളുടെ പേര് അവരുടെ ഫാമിലി കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(ഇ) ഫാമിലി കാർഡിൽ പേരില്ലാത്ത കുടുംബാംഗങ്ങൾക്ക് ജോലി നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്ത മാക്കുമോ;

(എഫ്) ഫാമിലി കാർഡിൽ പേരില്ലാത്തതുകാരണം പകരം ജോലി ലഭിക്കാത്ത എത്ര കുടുംബങ്ങൾ ആർ.പി.എൽ.-ൽ ഉണ്ട്; എസ്റ്റേറ്റ് തിരിച്ച് വ്യക്തമാക്കാമോ;

(ജി) ഇവരുടെ പേര് ഫാമിലി കാർഡിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സർക്കാരും മാനേജ്മെന്റും എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ വിഷയത്തിൽ നടന്ന മന്ത്രിതല ചർച്ചയിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഐ) സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര വകുപ്പുമായി ഇതു സംബന്ധിച്ച കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ജെ) ഫാമിലി കാർഡിൽ പേർ ഉൾപ്പെടുത്തുവാൻ തീരുമാനമാകുന്നതുവരെ ഒരാൾക്കുപോലും ജോലിയില്ലാത്ത കുടുംബങ്ങളിൽ നിന്നും ഒരാൾക്ക് വീതം താൽക്കാലികമായി ആർ.പി.എൽ.-ൽ ജോലി നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 700 അഭയാർത്ഥി കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

(ബി) എല്ലാ കുടുംബങ്ങൾക്കും നല്കിയിട്ടുണ്ട്.

(സി) ശ്രീലങ്കയിലെ കാൻഡിയിലുള്ള ഇന്ത്യൻ സ്ഥാനപതി കാര്യാലയമാണ് ഇന്ത്യയിലേയ്ക്ക് പുനരധിവസിപ്പിക്കപ്പെട്ട അഭയാർത്ഥി കുടുംബങ്ങൾക്ക് ഫാമിലി കാർഡ് നൽകിയിരിക്കുന്നത്.

(ഡി) ഇന്ത്യയിലേക്ക് പുനരധിവസിപ്പിച്ചതിനുശേഷം ജനിച്ച കുട്ടികളുടെ പേര് ബന്ധപ്പെട്ട കുടുംബത്തിന്റെ ഫാമിലി കാർഡിൽ ഉൾപ്പെടുത്തിയിട്ടില്ല. പുനരധിവസിപ്പിച്ച കുടുംബങ്ങൾക്ക് ഫാമിലി കാർഡ് നൽകിയത് ശ്രീലങ്കയിലെ ഇന്ത്യൻ സ്ഥാനപതി കാര്യാലയമാണ്.

(ഇ) വ്യവസ്ഥയില്ല. പുനരധിവസിക്കപ്പെട്ടവർക്ക് ഇന്ത്യയിൽ വന്നതിനുശേഷം ജനിച്ച മക്കൾ 'റിപ്പാട്രിയേറ്റ്സ്' അല്ല എന്നാണ് കേന്ദ്ര ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ അവർ പ്രത്യേകാനുകൂല്യങ്ങൾക്ക് അർഹരല്ല.

(എഫ്) 9 കുടുംബങ്ങൾ. 8 കുടുംബങ്ങൾ കുളത്തുപ്പുഴ എസ്റ്റേറ്റിലും ഒരു കുടുംബം ആയിരനല്ലൂർ എസ്റ്റേറ്റിലും ഉണ്ട്.

(ജി) ഉണ്ട്. ശ്രീലങ്കയിലെ കാൻഡിയിലുള്ള ഇന്ത്യൻ സ്ഥാനപതി കാര്യാലയമാണ് ഇന്ത്യയിലേയ്ക്ക് പുനരധിവസിക്കപ്പെട്ട അഭയാർത്ഥി കുടുംബങ്ങൾക്ക് ഫാമിലി കാർഡ് നൽകിയത്. ആയതിനാൽ പുനരധിവാസത്തിനുശേഷം ജനിച്ച കുട്ടികളുടെ പേര് ഫാമിലി കാർഡിൽ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ ഫാമിലി കാർഡിൽ പേരില്ലാത്തവർക്ക്കൂടി പകരം ജോലി ലഭിക്കുന്നതിന് കേന്ദ്ര സർക്കാരുമായി കത്തിടപാടുകൾ നടത്തിവരുന്നു.

(എച്ച്) താൽക്കാലിക പരിഹാരമായി ആർക്കും ജോലിയില്ലാത്ത അഭയാർത്ഥി കുടുംബങ്ങളിൽ ജോലിയ്ക്ക് അർഹതയുള്ള അഭയാർത്ഥികൾ ഫാമിലി കാർഡിൽ ഇല്ലാത്തപക്ഷം പ്രസ്തുത കുടുംബത്തിലുള്ള ഒരാൾക്ക് (കുടുംബ കാർഡിൽപ്പെട്ടവരുടെ മകനോ അല്ലെങ്കിൽ മകൾക്കോ) കമ്പനിയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി നൽകുന്ന കാര്യം തീരുമാനിച്ചിരുന്നു.

(ഐ) കേന്ദ്രസർക്കാരുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. പുനരധിവാസത്തിനുശേഷം ജനിച്ച കുട്ടികൾക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതിന് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിലപാട് പുനഃപരിശോധിക്കണമെന്ന് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ജെ) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly